# ജി.എൽ.പി.എസ്.

# കൊടകര



## സ്കൂൾതല

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

ഓരോ കുട്ടിയും അതത് പ്രായത്തിൽ നേടേണ്ട അറിവും കഴിവും അതിന്റെ പരമാവധിയിൽ ആർജ്ജിച്ചു എന്നുറപ്പാക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ.

പാഠ്യേ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

ജനാധിപത്യ സംസ്കാരം പരിശീലിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കൽ.

പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

കുട്ടികളിൽ നല്ല മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

പാരസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെ കാത്തുസൂക്ഷിക്കുവാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

ശുചിത്വശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കൽ.

# ഭാഷാശേഷി വികസനം – മാതൃഭാഷ

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ.
- മലയാള ഭാഷയുടെ സൗന്ദര്യം, സംസ്കാരം എന്നിവ ആസ്വദിക്കുന്നതിനും സ്വായത്തമാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്നു.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക.
- ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക.
- വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ
- ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ
- അവതരണ മികവ് കൈവരിക്കൽ.
- ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്. | പ്രീ-ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | | |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂൺ 2-ാംവാരം | | |
| | വെളിച്ചം-തെളിച്ചം അക്ഷരം ഉറപ്പിക്കൽ, വളരുന്ന അക്ഷരമരം, പദകേളി, വാക്യകേളി, പദസൂര്യൻ, ആഭരണമിടീക്കൽ (ചിഹ്നമുറപ്പിക്കാൻ) | ജൂൺ 3-ാംവാരം | | |
| | ചിത്രക്കാർഡുകളിൽ നിന്ന് പദങ്ങൾ കണ്ടെത്തി എഴുതൽ, പദക്കാർഡുകൾ, അക്ഷരക്കാർഡുകൾ, വായനാക്കാർഡുകൾ പ്രയോജനപ്പെടുത്തൽ. | ജൂൺ 4-ാംവാരം | | |
| കുട്ടികളിൽ വായനയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും അവരുടെ ഭാവനാത്മകമായ ചിന്തകളെ വികസിപ്പിക്കുന്നതിനും. | പുസ്തകത്തൊട്ടിൽ സജ്ജീകരിക്കാൽ<br>സ്കൂൾ അങ്കണത്തിൽ തയ്യാറാക്കിയ പുസ്തകത്തൊട്ടിലിലേയ്ക്ക് പുസ്തകങ്ങൾ സംഭാവനയായി നൽകുന്നു. ഈ പുസ്തകങ്ങൾ ഉപയോഗിച്ച് ക്ലാസ് ലൈബ്രറി നവീകരിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| | അമ്മ വായനയും കുഞ്ഞു വായനയും – ഓരോ മാസവും 5 അമ്മമാരും 5 കുട്ടികളും ഒരു അധ്യാപികയും വായനാനുഭവം പങ്കുവെയ്ക്കുന്നു. | | | |
| | രചനാ പരിചയക്കുറിപ്പുകൾ വായിക്കുന്നു. മാതൃകയാവുന്നു തയ്യാറാക്കുന്ന രചനാ പരിചയക്കുറിപ്പുകൾ ചേർത്ത് പതിപ്പാക്കി കുട്ടികളുടെയും അധ്യാപകരുടെയും, രക്ഷിതാക്കളുടെയും പഠനോത്സവത്തിൽ പങ്കുവെക്കുന്നു. സ്വന്തമായി രചനാ പരിചയക്കുറിപ്പുകൾ തയ്യാറാക്കാൻ കഴിവു നേടുന്നു. | | | |
| | ദ്വിദിന സഹവാസക്യാമ്പ് കുസൃതിക്കൂടാരം സംഘടിപ്പിക്കുന്നു. പഠനയാത്ര, ചിത്രകലാപഠനം, ഒറിഗാമി തുടങ്ങിയവ ഉൾപ്പെടുന്നു. | ഡിസംബർ | | സാമൂഹിക പങ്കാളിത്തം |
| വിശദീകരിക്കാമോ? | ചിത്രകഥാ ബുക്കുകൾ തയ്യാറാക്കുന്നു. ചിത്രങ്ങൾ ഉൾപ്പെടുന്ന കുട്ടിക്കഥകൾ തയ്യാറാക്കി അവ പതിപ്പുകളാക്കുന്നു. | ഓരോ മാസവും ഓരോന്ന് | | |
| | രചനോത്സവം നടത്തുന്നു. കഥ, കവിത, ചിത്രങ്ങൾ, കാർട്ടൂണുകൾ, യാത്രാവിവരണം, കുറിപ്പ് തുടങ്ങിയവ തനതായ ഭാഷയിൽ എഴുതിയും വരച്ചും പതിപ്പുകളാക്കുന്നു. | എല്ലാ മാസവും | | ക്ലാസ് അധ്യാപകർ |
| | കുട്ടികളുടെ സ്വതന്ത്ര രചനകൾ ഉൾപ്പെടുത്തി കുട്ടിപ്പത്രം തയ്യാറാക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| സിപ്പി<br>കുഞ്ഞുണ്ണിമാഷ് | **കഥനേരം** – അമ്മമാർ, അധ്യാപകർ, കുട്ടികൾ ആഴ്ചയിലൊരിക്കൽ ക്ലാസിലെത്തി കുട്ടികൾക്ക് നാടൻ കഥകളും പാട്ടുകളും പറഞ്ഞും ചൊല്ലിയും കൊടുക്കുന്നു. വായന പക്ഷാചരണത്തിൽ സിപ്പിയുടെയും കുഞ്ഞുണ്ണിമാഷിന്റെയും കവിതകൾ പരിചയപ്പെടുത്തുന്നു. | എല്ലാ വെള്ളിയാഴ്ചയും 1.45-2pm | | ക്ലാസ് അധ്യാപകർ |
| | **വീട്ടുവായനശാല ഒരുക്കൽ – "വീടൊരു പുസ്തക ലോകം"** കുട്ടികൾ അവരുടെ നിലവാരത്തിനനുസരിച്ച് വീടുകളിൽ ലൈബ്രറി ഒരുക്കുന്നു. മുൻപുണ്ടായിരുന്നതും അവർ പിന്നീട് ശേഖരിച്ചതുമായ പുസ്തക ശേഖരം അധ്യാപകർ വീടുകളിലെത്തി പരിശോധിച്ച് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. | ജൂൺ–ഡിസംബർ | | രക്ഷിതാക്കൾ, കുട്ടികൾ അധ്യാപകർ |
| | **സ്കൂൾ ലൈബ്രറി – കം – റീഡിംഗ് റൂം** സന്ദർശിച്ച് അതാതു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കണ്ടെത്തി അതുമായി ബന്ധപ്പെട്ട വിവരങ്ങളും സാഹിത്യകാരന്മാരേയും പുസ്തകങ്ങളും പരിചയപ്പെടാൻ അവസരമൊരുക്കുന്നു. സ്കൂളിലെത്തുന്ന പത്രങ്ങൾ ലൈബ്രറിയിൽ സൂക്ഷിച്ച് കുട്ടികൾക്ക് വായനാ സൗകര്യങ്ങൾ ഒരുക്കുന്നു. | | | |

# സാമൂഹ്യ ശാസ്ത്ര പഠനം

- പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്
- ആനുകാലിക വിഷയങ്ങളെ കുറിച്ച് ധാരണകൾ രൂപീകരിക്കുന്നതിന്
- ജനാധിപത്യ നടപടി ക്രമങ്ങൾ പരിചയപ്പെടുന്നു.
- ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നു.
- സാമൂഹ്യ ശാസ്ത്രത്തിന്റെ അറിവുകളെ അപ്ഡേറ്റ് ചെയ്യൽ
- സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| പ്രത്യക്ഷാനുങഭവത്തിലൂടെ പാഠ്യ വസതുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | ഒക്ടോബർ | | |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കുന്നു. | പ്രകടന പത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, നിയമസഭാ സന്ദർശനം | ആഗസ്റ്റ് | | |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | എല്ലാദിവസത്തേയും സാമൂഹിക സാമൂഹിക ശാസ്ത്ര സംബന്ധിയായ വാർത്തകൾ ബുള്ളറ്റിനിൽ പ്രദർശിപ്പിക്കുന്നു. സ്കൂളിലെ പത്രങ്ങളിലെ പഠിപ്പുര, വീട്, അക്ഷരമുറ്റം , കിളിവാതിൽ എന്നിവ ശേഖരിച്ച് ബാലവേദി യിൽ അവതരണം പങ്കുവയ്ക്കൽ, ക്വിസ് മത്സരം | ജൂൺ മാർച്ച് | | |
| ഗ്ലോബ്, അറ്റ്ലസ് എന്നിവയിൽ നിന്നും രാജ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ശേഷിനേടൽ | അസംബ്ലിളിയിൽ പ്രധാന വാർത്തകളിൽ ഇടം നേടിയ രാജ്യങ്ങൾ ഗ്ലോബിൽ നിന്നും മാപ്പിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| ഭൂപടവായനയിൽ പ്രാവീണ്യം നേടുന്നു | നിറയുന്ന ഭൂപടം തയ്യാറാക്കുന്നു. (ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യസാംസ്കാരിക നായകന്മാരെക്കുറിച്ച് അറിയുന്നു. ജന്മസ്ഥലം തിരിച്ചറിയുന്നു. ഭൂപടത്തിൽ രേഖപ്പെടുത്തുന്നു. | സെപ്തംബർ | | |
| | വിവിധ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി സാഹിത്യകാരന്മാരെ പരിചയപ്പെടുകയും ഭൂപടത്തിൽ സ്ഥലം കണ്ടെത്തുകയും ചെയ്യുന്നു. | ഒക്ടോബർ | | |
| | വിനോദസഞ്ചാര ദിനത്തോടനുബന്ധിച്ച് വിവിധ ജില്ലകളിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ പരിചയപ്പടുകയും അവ ഭൂപടത്തിൽ കണ്ടെത്തുകയും ചെയ്യുന്നു. | നവംബർ | | |
| | വന്യജീവി വാരാചരണത്തോടനുബന്ധിച്ച് വന്യജീവിസങ്കേതങ്ങൾ പരിചയപ്പെടുകയും സന്ദർശിക്കുകയും വിവിധ ജില്ലകളിലെ വന്യജീവി സങ്കേതങ്ങൾ ഭൂപടത്തിൽ കണ്ടെത്തുകയും ചെയ്യുന്നു. | ഒക്ടോബർ | | സാമൂഹിക പങ്കാളിത്തം |
| | ഓരോ ജില്ലകളും രൂപീകൃതമായ വർഷം കണ്ടെത്തി ഓരോ ജില്ലയ്ക്കും ക്രമനമ്പർ നൽകുന്നു. | നവംബർ | | |
| | മലയാള ഭാഷയുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ വരാവുന്ന ചോദ്യങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഉത്തരങ്ങൾ കണ്ടെത്തി ഭൂപടത്തിൽ രേഖപ്പെടുത്തുന്നു.<br>Eg. 1.ആദ്യമായി സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ല.<br>2. യുനെസ്കോയുടെ സാഹിത്യനഗര പദവി ലഭിച്ച ജില്ല. | നവംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| ഗ്ലോബ്, അറ്റ്ലസ് എന്നിവയിൽ നിന്നും രാജ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ശേഷി നേടുന്നു. | അസംബ്ലിയിൽ പ്രധാന വാർത്തകളിൽ ഇടം നേടിയ രാജ്യങ്ങൾ ഗ്ലോബിലും മാപ്പിലും കണ്ടെത്തുന്നു. | ജൂൺ–മാർച്ച് | | |
| ഭൂപട വായനയിൽ പ്രാവീണ്യം നേടുന്നു. | **നിറയുന്ന ഭൂപടം തയ്യാറാക്കുന്നു.** (ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യ സാംസ്കാരിക നായകന്മാരേക്കുറിച്ച് അറിയുന്നു. അവരുടെ ജന്മസ്ഥലം കണ്ടെത്തി ഭൂപടത്തിൽ രേഖപ്പെടുത്തുന്നു.<br>വിവിധ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി സാഹിത്യകാരന്മാരെ പരിചയപ്പെടുകയും ഭൂപടത്തിൽ സ്ഥലം കണ്ടെത്തുകയും ചെയ്യുന്നു. വിനോദസഞ്ചാര ദിനത്തോടനുബന്ധിച്ച് വിവിധ ജില്ലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ പരിചയപ്പെടുകയും അവ ഭൂപടത്തിൽ കണ്ടെത്തുകയും ചെയ്യുന്നു.<br>**വിനോദസഞ്ചാര പതിപ്പ് – കേരളം.** കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ചിത്രങ്ങളും അവയെ സംബന്ധിച്ച വിവരങ്ങളും ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു.<br>വന്യജീവി വാരാചരണത്തോടനുബന്ധിച്ച് വന്യജീവി സങ്കേതങ്ങൾ പരിചയപ്പെടുകയും സന്ദർശിക്കുകയും വിവിധ ജില്ലകളിലെ വന്യജീവി സങ്കേതങ്ങൾ ഭൂപടത്തിൽ കണ്ടെത്തുകയും ചെയ്യുന്നു.<br>**വന്യജീവിസങ്കേതം – പതിപ്പ്.** കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെ ചിത്രങ്ങളും അവയുടെ വിശദീകരണങ്ങളും ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു. | ഒക്ടോബർ | | സാമൂഹിക പങ്കാളിത്തം |

# സാമൂഹ്യ ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, കോട്ടകൾ, സ്മാരകങ്ങൾ, കൊട്ടാരങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | ഒക്ടോബർ | | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നു. | പ്രകടന പത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ **സ്കൂൾ പാർലമെന്റ്** രൂപീകരിക്കാൻ | ആഗസ്റ്റ് | | |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ. | എല്ലാ ദിവസത്തേയും സാമൂഹികശാസ്ത്ര സംബന്ധിയായ വാർത്തകൾ ബുള്ളറ്റിനിൽ പ്രദർശിപ്പിക്കുന്നു. സ്കൂൾ പത്രങ്ങളിലെ പഠിപ്പുര, അക്ഷരമുറ്റം, കിളിവാതിൽ എന്നിവ ശേഖരിച്ച് **ബാലവേദിയിൽ** അവതരണം, "ഒരു ദിനം ഒരു ചോദ്യം." സ്കൂൾ നോട്ടീസ് ബോർഡിൽ ഇടുന്ന ചോദ്യത്തിന് ആദ്യം ഉത്തരം കണ്ടെത്തുന്നയാളെ വിജയിയായി പ്രഖ്യാപിക്കുന്നു. ഓരോ ടേമിലും സ്കൂൾ തലത്തിൽ ക്വിസ് മത്സരം നടത്തുന്നു. വർഷാവസാനം നടത്തുന്ന മെഗാ ക്വിസിൽ ഒരു വർഷത്തെ മുഴുവൻ ചോദ്യങ്ങളെയും കണക്കിലെടുക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. GK Wall - ൽ അന്നന്നത്തെ വാർത്തകൾ ഒട്ടിച്ച് അതിനെ സംബന്ധിച്ച ചോദ്യങ്ങൾ നൽകുന്നു. | ജൂൺ–മാർച്ച് | | |

## ശാസ്ത്രപഠനം

**ലക്ഷ്യങ്ങൾ**

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
* ശാസ്ത്രീയ പ്രക്രിയ, ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.
* പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയാൻ അവസരം ഒരുക്കുക. സ്വയം പഠനത്തിന് അവസരം ഒരുക്കുക.
* അന്വേഷണത്വര വർദ്ധിപ്പിക്കുക

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| | ഓരോ ക്ലാസിലെയും പരിസര പഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | ജൂലൈ | | ക്ലാസ്സ് അധ്യാപിക |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. ശേഖരിക്കുന്നു. | ആഗസ്റ്റ് | | ക്ലാസ്സ് അധ്യാപിക |
| | ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ കണ്ടെത്തി സജ്ജമാക്കുന്നു. സാമഗ്രികൾ വാങ്ങുന്നു. | സെപ്തംബർ | | ക്ലാസ്സ് അധ്യാപിക |
| | ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പരിസ്ഥിതി സൗഹൃദപരമായ വസ്തുക്കൾ കണ്ടെത്തി സമാഹരിക്കുന്നു. | സെപ്തംബർ | | ക്ലാസ്സ് അധ്യാപിക |
| | പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല (പി.ടി.എ, എസ്. എസ്. ജി, അധ്യാപകർ, രക്ഷിതാക്കൾ) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് | ഒക്ടോബർ | | ക്ലാസ്സ് അധ്യാപിക പി.ടി.എ SSG |

# ശാസ്ത്രപഠനം

**മേഖല : സ്കൂൾ തലം – EVS**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിൽ ഭാഗമാക്കാവുന്നതിനും | ഫീൽഡ് ട്രിപ്പ് നെൽകൃഷി<br>– പ്രകൃതി നടത്തം<br>– കുറിപ്പ് തയ്യാറാക്കൽ | ജൂൺ | | അധ്യാപകർ |
| | – സസ്യനിരീക്ഷണം<br>– തിരിച്ചറിയൽ<br>– പേരുകൾ തിരിച്ചറിഞ്ഞ് രജിസ്റ്റർ തയ്യാറാക്കൽ – സ്കൂൾ കോമ്പൗണ്ട് | ജൂൺ<br>ജൂലൈ | | അധ്യാപകർ |
| | – മരങ്ങൾക്ക് പേരെഴുതിയ ബോർഡ് സ്ഥാപിക്കൽ | ആഗസ്റ്റ് | | അധ്യാപകർ PTA |
| | – പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയൽ, സംരക്ഷിക്കൽ | ജൂൺ –മാർച്ച് | | |
| | – ബോട്ടിൽ ബൂത്ത് ഉപയോഗപ്പെടുത്തൽ | ജൂൺ –മാർച്ച് | | വിദ്യാർത്ഥികൾ |
| പ്രകൃതി വിഭവസംരക്ഷണം | പച്ചത്തുരുത്ത് വിപുലീകരണവും സംരക്ഷണവും | ജൂൺ –മാർച്ച് | | വിദ്യാർത്ഥികൾ |
| | – ഔഷധത്തോട്ട നിർമ്മാണം, സംരക്ഷണം കറ്റാർ വാഴ, പനിക്കൂർക്ക, തുളസി | ജൂൺ –മാർച്ച് | | അധ്യാപകർ PTA |
| | – പച്ചക്കറി ത്തോട്ടം | ജൂൺ –മാർച്ച് | | വിദ്യാർത്ഥികൾ |
| പ്രകൃതിയെ അറിയാൻ | വനയാത്ര – ചിമ്മിനി | ഒക്ടോബർ | | അധ്യാപകർ |
| | പ്ലാസ്റ്റിക് രഹിത ക്യാംപസ് | ജൂൺ –മാർച്ച് | | |
| നാടറിയാൻ നാട്ടറിവുകൾ | കൃഷിയെ അടുത്തറിയാൻ – ഫീൽഡ് ട്രിപ്പ് – ആനത്തടം<br>– കർഷകരുമായി അഭിമുഖം | സെപ്തംബർ | | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| ശാസ്ത്ര കൗതുകം | • ശലഭ നിരീക്ഷണം. – രാജശ്രീ കാദംബരി<br>• ക്യാംപ്<br>• ശലഭോദ്യാനം നിർമ്മാണം. | സെപ്തംബർ – ഒക്ടോബർ | | |
| ശാസ്ത്രാവബോധം വളർത്തുക | • ശാസ്ത്ര പരീക്ഷണങ്ങൾ – കണ്ടും അറിഞ്ഞും സ്വയം ചെയ്തു നോക്കിയും ശാസ്ത്ര സത്യങ്ങൾ അറിയുന്നതിന് – അസംബ്ലിയിൽ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | ഒക്ടോബർ – ഡിസംബർ | | അധ്യാപകർ |
| | ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രവിദഗ്ധരുടെ ക്ലാസുകൾ<br>(വാന നീരീക്ഷണം ക്ലാസുകൾ) | ജൂൺ മുതൽ | | |
| | ശാസ്ത്ര പഠന യാത്രകൾ – ഫാക്ടറികൾ, കൃഷിയിടങ്ങൾ, കുടിൽ വ്യവസായശാലകൾ,<br>(കളിമണ്ണ്, പപ്പടം) | മാർച്ച് വരെ ജനുവരി | | |
| | തെരുവ് നാടകം പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയരുത്. ജലസംരക്ഷണം മലിനൃസംസ്കരണം. ബോധവത്കരണം. | ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| | ഓരോ ജില്ലകളും അവ രൂപീകൃതമായ വർഷവും കണ്ടെത്തി ഓരോ ജില്ലയ്ക്കും ക്രമനമ്പർ നൽകുന്നു. | നവംബർ | | |
| | ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടം ജിഗ്സോപസിലായി നൽകുന്നു. ശരിയായ ഭൂപടം നോക്കി അവ ക്രമീകരിക്കുന്നു. പേരുകളും സ്ഥാനവും ഹൃദിസ്ഥമാക്കുന്നു. | ആഗസ്റ്റ്-ഡിസംബർ | | അധ്യാപകർ |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിൽ ഭാഗഭാക്കാവുന്നതിനും | – ഫീൽഡ് ട്രിപ്പ്<br>– പ്രകൃതി നടത്തം<br>– കുറിപ്പ് തയ്യാറാക്കൽ<br>– സ്കൂൾ കാമ്പസ് സൗന്ദര്യവത്കരണം<br>– മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ട് പ്ലാസ്റ്റിക് കഴിയുന്നത്ര ഒഴിവാക്കൽ.<br>– ഫലവൃക്ഷത്തൈകൾ നടൽ | ജൂൺ | | |
| | – സസ്യനിരീക്ഷണം<br>– തിരിച്ചറിയൽ<br>– പേരുകൾ തിരിച്ചറിഞ്ഞ് രജിസ്റ്റർ തയ്യാറാക്കൽ (സ്കൂൾ കോമ്പൗണ്ടിലുള്ളവ) | ജൂൺ-ജൂലൈ | | |
| | മരങ്ങൾക്ക് പേരെഴുതിയ ബോർഡ് സ്ഥാപിക്കൽ | ആഗസ്റ്റ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| ശാസ്ത്രാവബോധവും അന്വേഷണാത്മകതയും കൗതുകവും അറിയുവാനുള്ള ആകാംക്ഷയും വളർത്തുക. | ലിറ്റിൽ സയന്റിസ്റ്റ് – എല്ലാ ആഴ്ചയിലും ഒരു ദിവസം അസംബ്ലിയിൽ കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | എല്ലാ ആഴ്ചയിലും | | അധ്യാപകരും കുട്ടികളും |
| | Mystery Domes - ന്റെ നേതൃത്വത്തിൽ 3ഉ ജഹമിലദ്ദൈശൗ അനുഭവവേദ്യമാക്കുന്നതിന് അവസരമൊരുക്കുന്നു. | ജൂലൈ 20 | പി.ടി.എ. | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ |

# ഗണിതം

**ലക്ഷ്യം**

* ഗണിത പഠനം രസകരമാക്കൽ.
* ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം.
* ഗണിത കേളികളിലൂടെ ചതുഷ്ക്രിയകൾ അറിയുക, പഠിക്കുക.
* ഗണിതചിന്ത വളർത്തൽ.
* രൂപങ്ങൾ തിരിച്ചറിയുന്നതിനും അവ ഉപയോഗിച്ച് ചിത്രങ്ങൾ രൂപപ്പെടുത്തുന്നതിനും.
* സംഖ്യാബോധം ഉറപ്പിക്കുക.
* അളവുകൾ, പൊക്കം, നീളം, ഭാരം എന്നിവയെക്കുറിച്ച് അറിയുക, അളക്കുവാൻ പഠിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| * സംഖ്യാബോധം ഉറപ്പിൽ | പ്രീടെസ്റ്റ് നടത്തി പരിമിതികളും മികവുകളും കണ്ടെത്തുന്നു. | ജൂൺ | | ക്യാമ്പ് അധ്യാപിക |
| * ചതുഷ് ക്രിയകൾ യഥാവിധി പ്രയോഗിക്കാൻ പ്രാപ്തരാക്കുക. | ക്ലാസുകളിൽ ഗണിതമൂല സജ്ജമാക്കൽ. ആവശ്യമായ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു ആവശ്യമായ നിർമ്മിക്കുന്നു. | ജൂലൈ | | ഗണിത അധ്യാപിക |
| * പ്രകൃതിയിൽ കാണുന്ന ഗണിത ആശയങ്ങൾ കണ്ടെത്തി തന്റെ ജീവിതത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കുക. | ഗണിതപ്പാട്ടുകൾ, കഥകൾ, പാറ്റേണുകൾ, കളികൾ, കുസൃതികണക്കുകൾ എന്നിവ ഗണിത മൂലയിൽ സജ്ജീകരിക്കുന്നു. | ആഗസ്റ്റ് | | ക്ലാസ്സ് അധ്യാപകർ രക്ഷിതാക്കൾ |
| *ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിവ് നേടുക. | സംഖ്യാബോധം സംഖ്യാവ്യഖ്യാനം ചതുഷ്ക്രിയകൾ എന്നിവ ഉൾപ്പെട്ടവർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. കുട്ടികൾക്കായി നലകുന്നു. | ആഗസ്റ്റ് 3-ാം ആഴ്ച | | ക്ലാസ്സ് അധ്യാപകർ |
| * ഗണിതത്തിൽ അഭിരുചി വളർത്തൽ | പ്രവർത്തനം കടയിലേയ്ക്ക് കട, സജ്ജീകരണം വിൽക്കൽ – വാങ്ങൽ – ഗണിത ആശയങ്ങളുടെ പ്രയോഗം. | ആഗസ്റ്റ് അവസാനം | | ക്ലാസ്സ് അധ്യാപകർ, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| * അളവ്, സമയം, തൂക്കങ്ങൾ എന്നിവയെക്കുറിച്ച് ധാരണ. | പ്രകൃതിയിലെ ഗണിതം – ഫീൽഡ് ട്രിപ്പ് – വിവിധ വസ്തുക്കൾ ശേഖരിക്കുന്നു. അവയിലെ ഗണിതാശയങ്ങൾ കണ്ടെത്തുന്ന പ്രദർശനം | സെപ്തംബർ | | ഗണിതാധ്യാപകൻ |
| * ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കൽ | ശില്പശാല ഗണിത മോഡലുകൾ,പാറ്റേണുകൾ, അളവുതൂക്കങ്ങൾ, ഗണിതപ്പൂക്കളം, എന്നിവ യുടെ നിർമ്മാണവും പ്രദർശനവും | ഒക്ടോബർ | | ഗണിതാധ്യാപകൻ |
| *ഗണിത പഠന പ്രർത്തനങ്ങൾ സുഗമമാക്കൽ | ICT കളിച്ചെപ്പ് ഗണിതപഠന രസകരമാക്കുന്നു.<br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ജൂൺ മാസം മുതൽ തുടർച്ച | | |
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾ പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | തുടർച്ച | | |
| | ഗണിതപഠനോപകരണ നിർമ്മാണ ശിൽപ്പശാല | ജൂൺ–ജൂലൈ | | അധ്യാപികർ, PTA |
| | കളിപ്പാട്ടക്കട<br>വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>കളിനോട്ട് തയ്യാറാക്കൽ<br>ഗണിതകേളി | ജൂലൈ–ആഗസ്റ്റ് | | അധ്യാപകർ |
| | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ<br>പരിചിത സന്ദർഭങ്ങൾ കണ്ടെത്തൽ<br>മരംകൊണ്ടുള്ള ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് നിർമ്മാണം | ജൂൺ–ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| * ഗണിതപഠനം രസകരമാക്കുക<br>* വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക. | * ഗണിതത്തോട് ഇഴുകിച്ചേരാൻ ഗണിതപ്പാട്ടുകൾ, കഥകൾ, പാറ്റേണുകൾ, മുത്തുകൾ, സ്മൈലി ബോളുകൾ, ടോക്കണുകൾ, ചിത്രക്കാർഡുകൾ, സങ്കലന വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | | അധ്യാപകർ |
| * ICT സാധ്യതകൾ ഉപയോഗിച്ച് ഗണിതപഠനം എളുപ്പമാണെന്ന് ബോധ്യപ്പെടുത്തുക.<br>* ഗണിതത്തിൽ അഭിരുചി വളർത്തുക. | ഗണിതപഠനം രസകരമാക്കാൻ പാഠവുമായി ബന്ധപ്പെട്ട് Puzzle, ഗണിതകേളികൾ തുടങ്ങിയവ കണ്ടെത്തി ധാരാളം ഉദാഹരണങ്ങളിലൂടെ ലളിതമായവയിൽ നിന്ന് സങ്കീർണ്ണമായതിലേക്ക് കുട്ടിയെ എത്തിക്കുകയും അപഗ്രഥിച്ച് നിഗമനത്തിലെത്തിക്കുവാനും സഹായകമായ ഗണിത പ്രവർത്തനങ്ങൾ ICT യുടെ സഹായത്താൽ നൽകുന്നു. | ജൂൺ-മാർച്ച് | | അധ്യാപകർ |
| * ചതുഷ്ക്രിയകൾ ഉറപ്പിക്കുക.<br>* കുട്ടികൾ സ്വന്തമായി Worksheet കൾ നിർമ്മിക്കാൻ പ്രാപ്തരാകുന്നു.<br>* അളവ്, തൂക്കം, സമയം – ധാരണ വളർത്തി | * സംഖ്യാചാർട്ടുകൾ, ഡൈസ്, സംഖ്യാ സ്ട്രിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.<br>* Worksheet നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുക.<br>* കടയിലേയ്ക്ക് – കട സജ്ജീകരണം, വിൽക്കൽ വാങ്ങൽ – ഗണിത ആശയങ്ങളുടെ പ്രയോഗം എന്നിവ സ്വയം ചെയ്ത് മനസ്സിലാക്കുന്നു. | ജൂലൈ-ആഗസ്റ്റ് | | അധ്യാപകർ |
| | * സ്ഥാനവില പോക്കറ്റ് നിർമ്മാണം. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുകയും നിർമ്മിക്കുകയും അവയുടെ പ്രത്യേകതകൾ കണ്ടും കേട്ടും ചെയ്തും മനസ്സിലാക്കുകയും വ്യത്യസ്ത മാതൃകകൾ (വീട്, മൃഗരൂപങ്ങൾ, പൂക്കൾ......) നിർമ്മിക്കുകയും ചെയ്യുന്നു. | ജൂലൈ-ആഗസ്റ്റ് | | PTA അധ്യാപകർ |
| | * ഗണിതലാബ് വിദ്യാലയത്തിൽ ഒരുക്കുകയും സാധ്യമായ സന്ദർഭങ്ങളിലെല്ലാം അവയുടെ ഉപയോഗത്തോടെ ഗണിതക്ലാസ് നടത്തുകയും ചെയ്യുക. | ജൂലൈ | | അധ്യാപകർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
| --- | --- | --- | --- | --- |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **കണക്കുപെട്ടി** – എല്ലാ ക്ലാസിലും എല്ലാ കുട്ടികൾക്കും കണക്കുപെട്ടി ഉണ്ടായിരിക്കും. അബാക്കസ്, ഈർക്കിലികളുടെ കെട്ട്/ മഞ്ചാടി/പുളിങ്കുരു (ഓരോ ക്ലാസിലെയും സംഖ്യാപഠനത്തിന് അനുസൃതമായി) സ്വന്തമായി തയ്യാറാക്കുന്ന സംഖ്യാകാർഡുകൾ, സ്ഥാനവില കാർഡുകൾ, രൂപങ്ങൾ, ടാൻഗ്രാം, സംഖ്യാമാല, കളിനോട്ട് തുടങ്ങി ഓരോ പാഠത്തിലും ഗണിതപഠനത്തിനാവശ്യമായി കുട്ടി സ്വയം തയ്യാറാക്കുന്ന പഠനോപകരണങ്ങൾ കണക്കുപെട്ടിയിൽ സൂക്ഷിക്കും. | ജൂൺ-മാർച്ച് | | രക്ഷിതാക്കൾ<br>കുട്ടികൾ<br>അധ്യാപകർ |
| ഗണിതം മധുരമാക്കൽ | കുട്ടികൾ സ്വയം തയ്യാറാക്കുന്ന ടാൻഗ്രാം ചിത്രങ്ങൾ ഉൾപ്പെടുത്തി ഓരോ ക്ലാസിലും ടാൻഗ്രാം പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ-ജൂലൈ | | |
| ഗണിതത്തിൽ അഭിരുചിയും താൽപ്പര്യവും വളർത്തൽ | **ഒരു ദിനം ഒരു ചോദ്യം** – അസംബ്ലിയിൽ ഗണിതവുമായി ബന്ധപ്പെട്ട രസകരമായ ചോദ്യങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ-മാർച്ച് | | ക്ലാസ് അധ്യാപകർ |
| | **ഗണിതക്വിസ്** – ഓരോ ടേമിലും സ്കൂൾതലത്തിൽ ഗണിതക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു. | ആഗസ്റ്റ്, ഡിസംബർ, മാർച്ച് | | ക്ലാസ് അധ്യാപകർ, ഗണിതക്ലബ് ഭാരവാഹികൾ |
| | **ഗണിത മാഗസിൻ** – ഒരു അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ തയ്യാറാക്കുന്നു. | ജനുവരി | | ഗണിതക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| | * ശില്പശാല നടത്തുക. ഗണിത മോഡലുകൾ, പാറ്റേണുകൾ, അളവു തൂക്കങ്ങൾ, ഗണിതപ്പൂക്കളം എന്നിവയുടെ നിർമ്മാണവും പ്രദർശനവും ലക്ഷ്യമാക്കി സ്കൂൾതല ശില്പശാലകൾ നടത്തുക. | ആഗസ്റ്റ് | | PTA |
| | ക്ലാസുകളിൽ ഗണിതമൂലകൾ സജ്ജമാക്കുന്നു. ആവശ്യമായ വസ്തുക്കൾ പട്ടികപ്പെടുത്തുന്നു. ശേഖരിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നു. | ജൂൺ | | അധ്യാപകർ |
| | * പ്രകൃതിയിലെ ഗണിതം – ഫീൽഡ് ട്രിപ്പ് നടത്തി വിവിധ വസ്തുക്കൾ ശേഖരിക്കുന്നു. അവയിലെ ഗണിതാശയങ്ങൾ കണ്ടെത്തുന്നു. | ജൂലൈ | | |
| | * ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കുന്നു. | | | |
| | * ഗണിതക്വിസ് സംഘടിപ്പിക്കുന്നു.<br>* ഗണിതോത്സവം നടത്തുന്നു. | സെപ്തംബർ<br>ഡിസംബർ | | |
| | | | | |

# ENGLISH

| Aim | Activities | Time | Financial Resources | Duties |
|---|---|---|---|---|
| Devlops Listening Speaking Reading & Writing skills | Conducts Pre test and finds out the abilities and drawbacks | June | | |
| | Prepares appropriate activity packages<br>Celebrates every wednesday as Eng- day (Eng campus) | June<br>June | | |
| | Eng Assesmbly<br>Learns minimum 2 sentences about him/herself (Q& Ans) in every week. | March<br>June | | |
| | Identifying things in class rooms - Their size, colour, name and use | June - August | | |
| | Introducing self in 4 sentences and learns to write the same in sentences in every a week. | July | | |
| | Collecting Eng books to the library | June | | |
| | Introducing self in minimum 10 sentences and learn to write.<br>Understands simple interaction and try to respond for simple eng. | | | |
| | Learns to introduce friends in 5 sentences.<br>Learns to write simple conversations in 1/2 exchanges.<br>Learns to describe about one vegetable fruit/ plant /flowers. | July<br>August | | |
| | Learns to write simple conversation in 2/3 exchanges.<br>Learns to write about vegetable / fruit /plant /animal / flowers.<br>Tries to present simple skills related to the lesson. | September | | |
| Improves Comunicative Eng. | Learns to introduce a third person.<br>Listen to Eng. stories Rhymes, Action song conversations. and films. | October | | |

| Aim | Activities | Time | Financial Resources | Duties |
| --- | --- | --- | --- | --- |
| Write English in Simple Sentience | Learns to describe write about class /school/ village/games<br>Describes pictures | December | | |
| | Learns simple grammer attending grammer classes | June -March | | |
| | Complete and Riddles and puzzles Make puzzles and Riddles in own sentences. | Nov- Janu | | |
| Apply Simple English in Proper Situations | Learns to give simple announcements in assembly and stage programes in school. | Feb- March | | |
| | Identifying things in class rooms their size, colour, name and use | June- August | | |
| Develop listening skills | Listening stories and Rhymes in English Watching catoon amd simple stories. Listening Conversations (ICT) | June - Dec. | | |
| Apply simple english in writing. Developing write skills. | Making Picture cards to learn to more words to create own sentences. Story books - children prepare their own simple story books. Present them in Padanolsavam at the end of the academic year. | Once in three month | | Class Teacher |

## കായികപഠനം

### ലക്ഷ്യങ്ങൾ

കുട്ടികളെ ആരോഗ്യ കായിക ക്ഷമത നേരിടുന്നതിന് പ്രാപ്തരാക്കുക.

എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.

നല്ല ആരോഗ്യശീലങ്ങൾ വളർത്തുക.

ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കൽ

കായിക പ്രവർത്തനങ്ങളിലൂടെ മനുഷ്യശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളേയും സജ്ജമാക്കുക.

വ്യക്തിശുചിത്വം, സാമൂഹ്യസുക്ഷ എന്നീ ഗുണങ്ങൾ ആർജ്ജിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായിക ക്ഷമത കൈവരിക്കൽ | Warming up conditioning aerobics exercises, skipping excercises | ജൂൺ–ജൂലൈ | | കായിക അധ്യാപിക |
| എല്ലാകുട്ടികൾക്കും ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തി കായിക ക്ഷമത പരിശോധിക്കൽ. | Height , Weight, Body mass index, Situps (Tests) , one milerun /walk, Sit and reach, Modified pull ups | ആഗസ്റ്റ് | | കായിക അധ്യാപിക |
| കുട്ടികളിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കം ലഘൂകരിക്കൽ. സ്കൂൾതല Internal മത്സരം സംഘടിപ്പിക്കൽ | മൈനർ ഗെയിമുകൾ, യോഗാസനങ്ങൾ, മെഡിറ്റേഷൻ, കണ്ണിന് റിലാക്സേഷൻ excercises അക്കാദമിക വർഷാരംഭം മുതൽ കുട്ടികളെ വിവിധ ഹൗസുകളായി തിരിച്ച് സ്കൂളിന്റെ ഗ്രൗണ്ട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | | |
| ആരോഗ്യശീലങ്ങളെക്കുറിച്ച് അറിവ് നേടൽ Nutrition | ധാന്യകം, മാംസം, കൊഴുപ്പ്, വിറ്റാമിനുകൾ, ധാതുക്കൾ,ഇവയെക്കുറിച്ച് അറിവ് നേടൽ ഇവ അടങ്ങിയിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. സ്വന്തം ആഹാരശീലങ്ങളിൽ ഇവ ഉൾപ്പെടുത്തൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| സുംബാ ഡാൻസ് പരിശീലിപ്പിക്കുന്നു. | കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ആരോഗ്യം നില നിർത്താൻ എല്ലാ അസംബ്ലിയിലും സുംബാ പരിശീലിപ്പിക്കുന്നു. | | | |

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

* സഹജീവികളോടുള്ള സ്നേഹം, കരുണ എന്നിവ വളർത്തുന്നതിന്.
* മാനുഷിക മൂല്യങ്ങളുള്ള തലമുറയെ വളർത്തുന്നതിന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| | മാധ്യമങ്ങളിൽ വരുന്ന കാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് അവതരണം, ബുള്ളറ്റിൻ ബോർഡിൽ പ്രദർശനം | | | |
| | കുട്ടികളിലെ നന്മപ്രവർത്തികൾ പൊതുവായി പറയുന്നു. പ്രോത്സാഹനം നൽകുന്നു. | | | |

## ഹരിത വിദ്യാലയം – കുട്ടിഹരിതസഭ

### ലക്ഷ്യങ്ങൾ

* മാലിന്യ സംസ്കരണം വിദ്യാർത്ഥികളുടെ ചുമതല കൂടിയാണെന്ന ധാരണ വളർത്തുന്നതിന്.
* ക്ലാസ് മുറികളിൽ ജൈവ/അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിന് അവസരം ഒരുക്കൽ. മാലിന്യങ്ങൾ വലിച്ചെറിയുന്ന സംസ്കാരം, ഉപേക്ഷിക്കുക വിദ്യാലയത്തിലും വീട്ടിലും പരിസരങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ (Bottle, Plastic Cover) തരംതിരിച്ച് ശേഖരിക്കുന്നതിന് വിദ്യാലയ പരിസരത്ത് Bottle booth, Pen booth എന്നിവ സ്ഥാപിക്കൽ.
* കുട്ടി ഹരിത സഭ രൂപീകരണം.
* ചുമതലകൾ കുട്ടികൾക്ക് വിഭജിച്ച് നൽകൽ.
* പൂന്തോട്ടം നിർമ്മിക്കുന്നു – കുട്ടികൾ വീട്ടിൽ ചെടിച്ചട്ടിയിൽ നട്ടുവളർത്തിയ ചെടികൾ കൊണ്ടുവന്ന് പൂന്തോട്ടം നിർമ്മിക്കുന്നു.
* ഫലവൃക്ഷത്തൈകൾ നട്ടു വളർത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| കുട്ടി ഹരിത സഭ രൂപീകരിക്കണം. കുട്ടികളിൽ പരിസരശുചിത്വം തന്റെ ഉത്തരവാദിത്വമാണെന്ന ബോധ്യം വളർത്തുന്നതിന്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിന്. | വിദ്യാലയവും പരിസരവും നിരീക്ഷിക്കുന്നു. വൃത്തിയാക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു. | ജൂൺ | ....... | ....... |
| | ക്ലാസ് മുറികളിൽ ജൈവ/അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ സംവിധാനം ഒരുക്കുന്നു. അവ ഹരിതകർമ സേനയ്ക്ക് കൈമാറുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| | വിദ്യാലയത്തിൽ പാലിക്കേണ്ട ചുമതലകൾ ലഘുരേഖകളായി വിദ്യാലയ പരിസരത്ത് പതിക്കുന്നു. Toilet, wash area etc. | ജൂലൈ ആദ്യ വാരം | | |
| | പിറന്നാൾ ദിനത്തിൽ മിഠായിക്കു പകരമായി ചെടിച്ചട്ടികൾ വിദ്യാലയത്തിലേയ്ക്ക് സ്പോൺസർ ചെയ്യുന്നതിന് പി.ടി.എ. യിൽ തീരുമാനിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

## ജൈവവൈവിധ്യപാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| വിദ്യാലയം തന്നെ പാഠപുസ്തകം. നിരീക്ഷണ പരീക്ഷണങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ തന്നെ നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നു. | **ജൈവ വൈവിധ്യപാർക്ക്**<br>ചെറിയ കുളം, ജലജീവികൾ, ജലസസ്യങ്ങൾ, പക്ഷികൾ, പക്ഷിക്കൂട്.<br>**ഔഷധോദ്യാനം**<br>പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ സസ്യങ്ങളെ കോമ്പൗണ്ടിൽ സജ്ജീകരിക്കുന്നു. | ജൂൺ<br>ജൂൺ | | |
| കുട്ടികളെ ആകർഷിക്കുന്നതിനും മാനസികോല്ലാസം നൽകുന്നതിനുമുള്ള ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് | **സുന്ദര ശുചിത്വ പരിസരം**<br>പൂന്തോട്ടം ആകർഷകമാക്കൽ ചെടിച്ചട്ടികളും ചെടികളും സജ്ജീകരിക്കൽ.<br>**മുത്തശ്ശി മരം / ശലഭോദ്യാനം**<br>സംരക്ഷിക്കൽ ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ട് പിടിപ്പിച്ച് ശലഭോദ്യാനം ഒരുക്കുന്നു. | | | |
| | **ശിശു സൗഹൃദ വിദ്യാലയം**<br>പ്രവേശന കവാടം<br>ചൈൽഡ് പാർക്ക് - ഇരിപ്പിടങ്ങൾ, കളിയുപകരണങ്ങൾ, മോഡലുകൾ എന്നിവ നിർമ്മിക്കൽ. | | | |
| | | | | |

# വിദ്യാലയത്തിന് പുറത്തേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| കുട്ടിയെ അറിയുന്നതിന് പഠന പിന്തുണ നൽകുന്നതിന് | **ഗൃഹസന്ദർശനം**<br>ഓരോ ക്ലാസ് അധ്യാപകരും കുട്ടികളുടെ വീടുകൾ സന്ദർശിച്ച് എന്റെ കുട്ടികൾ രേഖപ്പെടുത്തുന്നു. വ്യത്യസ്ത തരത്തിലുള്ള പഠനപിന്തുണ കുട്ടികൾക്ക് നൽകുന്നു. | ആഗസ്റ്റ് 19 | | |
| പ്രകൃതി സംരക്ഷണം, ലഹരി വിരുദ്ധ മനോഭാവം സമൂഹത്തിൽ സൃഷ്ടിക്കുന്നതിന് | **തെരുവ് നാടകം**<br>ലഹരിവിരുദ്ധ ദിനാചരണം പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി ദിനാചരണം എന്നിവയുമായി ബന്ധപ്പെട്ട് സമൂഹത്തെകൂടി ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തെരുവ് നാടകം അവതരിപ്പിക്കുന്നു. | | | |
| മാലിന്യ നിർമ്മാർജ്ജനം | കംപോസ്റ്റ് എങ്ങനെ തയ്യാറാക്കാം എന്ന് കുട്ടികൾക്ക് ധാരണ നൽകി അവരെ വീട്ടിലും സ്കൂളിലും മാലിന്യനിർമ്മാർജ്ജനത്തിന് പ്രാപ്തരാക്കുന്നു. | | | |
| ഫോട്ടോഗ്രാഫേഴ്സ് ഡേ | "Little Lens" എന്ന പേരിൽ കുട്ടികളുടെയും അധ്യാപകരുടെയും ചിത്രങ്ങളുടെ പ്രദർശനം. ഫോട്ടോഗ്രഫിയുടെ സാധ്യതകൾ. | | | |